Report of the Pay Commission.

* 1064. [68] SHRI M. WILLIAM: Will the Chief Minister be pleased to state:

(a) whether the Government intend implementing the report of the Pay Commission regarding the scale of pay of Munsiffs; and

(b) whether there is any difference of opinion between the Government and the High Court regarding this matter?

Chief Minister (SHRI PANAMPILLI GOVINDA MENON):

(a) The Report of the Commission is now under the consideration of Government and a final decision on the question has not been taken.

(b) The question does not arise.

മിഡിൽ സ്കൂളുകൾ.

* 1065. [71] ശ്രീ. കെ. എം. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത സ്കൂൾവർഷത്തിലേയ്ക്ക് എത്ര മിഡിൽസ്കൂളുകളും പ്രൈമറിസ്കൂളുകളും അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) സ്കൂളുകൾക്കുള്ള അനുവാദം കൊടുക്കുന്നതു വളരെ താമസിച്ചായതുകൊണ്ട് സ്കൂൾ കെട്ടിടങ്ങൾ കൃത്യസമയത്തിനുള്ളിൽ പണിയുന്നതിനു ബുദ്ധിമുട്ടുകൾ നേരിടുന്നില്ലേ?

(സി) അങ്ങനെയുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കുവാൻ സ്കൂളുകൾക്കുള്ള അനുവാദം കഴിയുന്നതും നേരത്തേ കൊടുക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മിഡിൽസ്കൂളുകൾ 50
ഗവണ്മെൻറ് 10
പ്രൈവറ്റ് 40
പ്രൈമറിസ്കൂൾ 50
ഗവണ്മെൻറ് 10
പ്രൈവറ്റ് 40

(ബി) ഉണ്ട്; അങ്ങനെ സമയക്രമം കൊണ്ട് ബുദ്ധിമുട്ടുകൾ നേരിടുന്നവർക്ക് കൂടുതൽ സമയം അനുവദിക്കുന്നുണ്ട്.

(സി) വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

എൻ. ഇ. എസ്. ബ്ലോക്കുകൾ.

* 1066. [72] ശ്രീ. കെ. എം. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് ഇപ്പോൾ ആകെ എത്ര എൻ. ഇ. എസ്. ബ്ലോക്കുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അടുത്ത് പുതിയതായി അനുവദിക്കാൻ പോകുന്ന ബ്ലോക്കുകൾ ഏത്ര ;

(സി) പുതിയതായി അനുവദിക്കുവാൻ പോകുന്ന എൻ. ഇ. എസ്സ്. ബ്ലോക്കുകളുടെ കാര്യത്തിൽ കുന്നത്തുനാട്-ചാലക്കുടി കമ്മ്യൂണിറ്റി പ്രോജക്റ്റിൽപ്പെടാനുള്ള കുന്നത്തുനാട് താലൂക്കിലെ അവികസിത പ്രദേശങ്ങൾക്ക് മുൻഗണന കൊടുക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) നാല് ഡവലപ്പുമെന്റ് ബ്ലോക്കുകൾ ഉൾപ്പെടെ 15 ബ്ലോക്കുകൾ.

(ബി) പുതിയ ബ്ലോക്കുകൾ തുറക്കുന്നതിനുള്ള അനുവാദം പ്ലാനിംഗ് കമ്മിഷനിൽ നിന്നും ലഭിക്കേണ്ടിയിരിക്കുന്നതിനാൽ ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

(സി) ആലോചിക്കാം.

കയർ വ്യവസായസ്ഥാപനം.

* 1067. [73] ശ്രീ. കെ. എ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പറവൂർ വടക്കേക്കരയിലെ കയർ വ്യവസായസ്ഥാപനത്തെ ഉടൻ തീമമായ തൊഴിലില്ലായ്മ ബാധിച്ചിട്ടുണ്ടെന്നു കാണിച്ച് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട് ? അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

പറവൂർ വടക്കേക്കരയിലെ കയർ വ്യവസായസ്ഥാപനത്തെത്തുടർന്നുള്ള തൊഴിലില്ലായ്മയെ സംബന്ധിച്ച് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ കയർ അഡ്വൈസറി കമ്മിറ്റിയുടെ പ്രതിപാർശകളോടൊപ്പം ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

ചെറുകിടം.

* 1068. [75] ശ്രീ. പി. കേശവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജനത്തിനു മുമ്പ് കൊച്ചിയുടേയും തിരുവിതാംകൂറിന്റേയും അതിർത്തികളിൽ ചെറുകിടകളായി ഉപയോഗിച്ചിരുന്ന ഗവണ്മെന്റ് കെട്ടിടങ്ങൾ ഏത്ര ;

(ബി) ആ കെട്ടിടങ്ങൾ ഇപ്പോൾ എന്താവശ്യത്തിനു ഉപയോഗിച്ചുവരുന്നു;

(സി) ഉപയോഗശൂന്യമായി കിടക്കുന്നവയെത്ര ;

(ഡി) ടി സ്ഥലങ്ങൾ നശിച്ചുപോകാതിരിക്കാൻ ഗവണ്മെന്റ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) 54.

LIBRARY ARCHIVES Kerala Legislative Assembly